കേരള സർക്കാർ

സംഗ്രഹം

ആ.കു.വ. – മലബാർ മേഖലയിലെ പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ. 114/11/ആകുവ തിരുവനന്തപുരം, തീയതി, 21.2.2011

പരാമർശം: 1. 4.6.2009–ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 145/09/ആ.കു.വ.

2. 17.8.2009–ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 293/09/ആ.കു.വ.

3. 16.4.2010–ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 1617/10/ആ.കു.വ.

ഉത്തരവ്

പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരുടെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരുടെയും ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ മലബാർ മേഖലയിൽ 2.11.1987–ന് ഇത്തരത്തിൽ പ്രാക്ടീസ് ചെയ്തു കൊണ്ടിരുന്നവരെയും തിരുവിതാംകൂർ–കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് നൽകാൻ പരാമർശം 1–ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് വരുകയും സെൻട്രൽ ഇന്ത്യൻ മെഡിസിൻ കൗൺസിൽ നിർദ്ദേശം ലഭിക്കുകയും ചെയ്തതിനെ തുടർന്ന് പരാമർശം 2–ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും 4.6.2009–ലെ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു.

2. പരാമർശം 3–ലെ ഉത്തരവ് പ്രകാരം ഈ വിഷയം സംബന്ധിച്ച് പഠനം നടത്തി ശുപാർശ നൽകാൻ യഥാക്രമം ആയുർവേദ, ഹോമിയോ മേഖലകളിലെ വിദഗ്ധരെയും പാരമ്പര്യവൈദ്യന്മാരുടെയും ഹോമിയോപ്പതി ചികിത്സകരുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി സർക്കാർ രണ്ട് കമ്മിറ്റികളെ നിയോഗിച്ചു. എന്നാൽ ഇരു വിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ രണ്ട് കമ്മിറ്റികൾക്കും കഴിഞ്ഞില്ല. അതിനാൽ ഈ പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട നിയമങ്ങളായ 1953–ലെ തിരു–കൊച്ചി ആക്ടും 1974, 1976 വർഷങ്ങളിൽ യഥാക്രമം നിലവിൽ വന്ന കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ, കേന്ദ്ര ഇന്ത്യൻ മെഡിസിൻ കൗൺസിൽ ആക്ടുകളും നിലവിൽ വന്നതിനുശേഷവും മലബാർ മേഖലയിൽ പഴയ മദ്രാസ് പ്രാക്ടീഷണേഴ്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രത്യേക ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെതന്നെ പലരും ആയുർവേദ, ഹോമിയോപ്പതി ചികിത്സകരായി തുടർന്നുവരുന്നു. ഇവരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവനോപാധി

സംരക്ഷിച്ചുകിട്ടേണ്ടത് മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണ്. ഈ സാഹചര്യത്തിലാണ് സർക്കാർ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചത്.

3. 1953–ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 1956–ലെ കേരള അഡോപ്ഷൻ ഓഫ് ലാ ഉത്തരവിലൂടെ സ്വാംശീകരിക്കപ്പെടുകയും കേരള സംസ്ഥാനത്തിന് ബാധകമാകുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റെ 38–ാം വകുപ്പ് പ്രകാരം നിശ്ചിത മെഡിക്കൽ യോഗ്യതയില്ലാത്തവരും പ്രത്യേക വിഭാഗത്തിൽ പെട്ടവരുമായ ചികിത്സകരെ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നുണ്ട്.

4. ഈ വിഷയങ്ങൾ എല്ലാം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിൽപെട്ട (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ) 1.1.2011 തീയതി കണക്കാക്കി 20 വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ചുകൊണ്ട് 1953–ലെ തിരുവിതാംകൂർ–കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 38–ാം വകുപ്പ് പ്രകാരം യഥാക്രമം പാരമ്പര്യ ആയൂർവേദ വൈദ്യവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപറഞ്ഞ രീതിയിൽ രജിസ്ട്രേഷനിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ അവരുടെ അപേക്ഷകൾ ആരോഗ്യകുടുംബക്ഷേമ വകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാഫോറത്തിൽ, ഈ ഉത്തരവ് തീയതി മുതൽ ആറുമാസത്തിനകം ബന്ധപ്പെട്ട താലൂക്ക് തഹസീൽദാറുടെ സാക്ഷ്യപത്രത്തോടൊപ്പം സംസ്ഥാനത്തെ ഭാരതീയ വൈദ്യം, ഹോമിയോപ്പതി മെഡിക്കൽ കൗൺസിലുകളുടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതനുസരിച്ചുള്ള ഉത്തരവുകൾ നൽകുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പിനെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.എസ്.ശ്രീനിവാസ്,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

രജിസ്ട്രാർ, തിരുവിതാംകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ